# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 15951/AD A3/4/2019/ADMIN തീയതി. 07.05.2019

സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സർവകലാശാലകളിലെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെയും ജീവനക്കാർക്കും പെൻഷൻകാർക്കും നിർദിഷ്ട ആരോഗ്യ ഇൻഷുറൻസ് പദ്ധതി(MEDISEP)യിലെ അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ ഇത് സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരിപത്രം നം. 41/2019/ധന തീയതി 06.05.2019, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ (i/c) ഉത്തരവായിരിക്കുന്നു.

അതുപ്രകാരം പദ്ധതിയിൽ അംഗമാകുന്നതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ ചികിത്സ അലവൻസിൽ നിന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രീമിയം തുകയായ ₹250/- പദ്ധതി ആരംഭിക്കുന്ന മാസം മുതൽ കുറവ് വരുത്തുന്നതാണ്. എന്നാൽ അംഗത്വ അപേക്ഷകൾ സർക്കാരിലേക്ക് ലഭ്യമാകുന്ന മുറക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഈ വിഭാഗക്കാർക്ക് ലഭ്യമാകുകയുള്ളൂ. ആയതിനാൽ നാളിതുവരെ അപേക്ഷ സമർപ്പിക്കാത്ത ജീവനക്കാർ/ പെൻഷൻകാർ 20.05.2019 ന് മുൻപ് നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

SREERAJ R.
DEPUTY REGISTRAR I ADMINISTRATION
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ എഫ് ഒ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ/സിറ്റാഡ്/സി.എം.എസ്(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #1 of File 15951/AD A3/4/2019/ADMIN Approved by DEPUTY REGISTRAR I ADMINISTRATION on 07-May-2019 04:30 PM - Page 1

## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

## പരിപത്രം

നമ്പർ 41/2019/ധന — തിരുവനന്തപുരം, 2019 മേയ് 6

വിഷയം :- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) – വിവരശേഖരണം - നോഡൽ ഓഫീസർമാർ/ട്രഷറി ഓഫീസർമാർ എന്നിവർക്കുള്ള തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/18/ധന തീയതി 04/04/2018.
3) സർക്കുലർ നം. 73/18/ധന തീയതി 07/08/2018.
4) സർക്കുലർ നം. 17/2019/ധന തീയതി 26/02/2019.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ (MEDISEP) ഭാഗമായി നടന്നുവരുന്ന വിവരശേഖരണം അന്തിമഘട്ടത്തിലാണ്. സൂചന (2), (3) സർക്കുലറുകളിലെ നിർദ്ദേശ പ്രകാരം ജീവനക്കാർ/പെൻഷൻകാർ ലഭ്യമാക്കിയ ആശ്രിതരുടെ ഉൾപ്പെടെയുള്ള പേരു വിവരങ്ങൾ, മെഡിസെപ് പോർട്ടൽ വഴി ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറി വരികയാണ്.

31.03.2019-ന് ശേഷം നോഡൽ ഓഫീസർമാർക്ക്/ട്രഷറി ഓഫീസർമാർക്ക് ലഭിച്ച മെഡിസെപ് അംഗത്വ അപേക്ഷകൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതില്ലെന്നും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ നോഡൽ ഓഫീസർമാർ / ട്രഷറി ഓഫീസർമാർ ശേഖരിച്ചുവയ്ക്കേണ്ടതും സർക്കാരിൽ നിന്നും അറിയിപ്പ് ലഭിയ്ക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം നൽകിയിരുന്നു. മെഡിസെപ് പദ്ധതി 01.06.2019 മുതൽ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച സാഹചര്യത്തിലും നല്ലൊരു വിഭാഗം ജീവനക്കാരും / പെൻഷൻകാരും ഇനിയും അംഗത്വ അപേക്ഷ സമർപ്പിക്കുവാനുണ്ടെന്നു വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും വിവരശേഖരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ്-ഇൻ-എയിഡ് സ്വീകരിച്ചുവരുന്ന സർവകലാശാലകളിലേയും തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും കൈപ്പറ്റുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും **നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗത്വം നിർബന്ധിതമായതിനാൽ വിശദാംശങ്ങൾ ലഭ്യമാക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻകാരുടെ ചികിത്സാ അലവൻസിൽ നിന്നും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രീമിയം തുകയായ രൂപ 250/-, പദ്ധതി ആരംഭിക്കുന്ന മാസം മുതൽ കുറവു വരുത്തുന്നതായിരിക്കും. എന്നാൽ അംഗത്വ അപേക്ഷകൾ സർക്കാരിലേക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമെ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഈ വിഭാഗക്കാർക്ക് ലഭ്യമാകുകയുള്ളൂ.** പ്രസ്തുത സാഹചര്യത്തിൽ നാളിതുവരെ അപേക്ഷ ലഭ്യമാക്കാത്ത ജീവനക്കാർ / പെൻഷൻകാർ

20.05.2019 ന മുൻപ് നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 25.05.2019 ന മുൻപ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(2) നാളിതുവരെ അപേക്ഷ ലഭ്യമാക്കാത്ത ജീവനക്കാരെ കണ്ടെത്തി അപേക്ഷ ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഡി.ഡി.ഒ മാർക്കും അതത് വകുപ്പുതല നോഡൽ ഓഫിസർമാർ നിർദ്ദേശം നൽകേണ്ടതാണ്.

(3) അപേക്ഷ ലഭ്യമാക്കാത്ത പെൻഷൻകാർ 20.05.2019 ന മുൻപ് നിർബന്ധമായും അപേക്ഷ അതത് ട്രഷറികളിൽ ലഭ്യമാക്കണമെന്ന അറിയിപ്പ് **(നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗത്വം നിർബന്ധിതമാണെന്ന വ്യവസ്ഥയുൾപ്പെടുത്തിയുള്ള)** ട്രഷറികളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(4) 31.03.2019-ന് ശേഷം നാളിതുവരെ ലഭിച്ച അപേക്ഷകളും പുതുതായി ലഭിക്കുന്ന അപേക്ഷകളും ക്രോഡീകരിച്ച് '**രണ്ടാം പട്ടിക**' എന്ന് രേഖപ്പെടുത്തി 25.05.2019 ന മുൻപ് നോഡൽ ഓഫീസർമാർ **info.fin@kerala.gov.in** എന്ന ഇ-മെയിൽ വിലാസത്തിലും ട്രഷറി ഓഫീസർമാർ മെഡിസെപ് വെബ് സൈറ്റിലും ലഭ്യമാക്കേണ്ടതാണ്.

**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്
അക്കൗണ്ട്സ് ഓഫീസർ